**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.രാധാകൃഷ്ണനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.1830/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 24.08.2019

പരാമർശം :- 1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 13.05.2015 തീയതിയിലെ സി.ടി.പി.(വിജി) നം 326/15 നമ്പർ റിപ്പോർട്ട് .

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി. രാധാകൃഷ്ണന് നൽകിയ 01.02.2016 തീയതിയിലെ കുറ്റപത്രം.
3. കുറ്റപത്രത്തിന് ശ്രീ.പി രാധാകൃഷ്ണൻ സമർപ്പിച്ച 24.06.2016 തീയതിയിലെ പ്രതിവാദ പത്രിക.
4. നഗരകാര്യ ഡയറക്ടറേറ്റിലെ അഡ്മിനിസ് ട്രേറ്റീവ് അസ്സിസ്റ്റന്റിന്റെ 06.09.2016 തീയതിയിലെ വി.3- 6089/16 നമ്പർ കത്ത്.
5. നഗരകാര്യ ഡയറക്ടറുടെ 16.08.2019 ലെ വി.3- 6089/16 നമ്പർ കത്ത്.

**ഉത്തരവ്**

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഗുരുവായൂർ നഗരസഭയിൽ 04.03.2015 മുതൽ 13/03/2015 വരെ നടത്തിയ മിന്നൽ പരിശോധനയിൽ സർവ്വെ നം .95/12- ൽപ്പെട്ട സ്ഥലത്ത് ശ്രീ . കെ. ഭരതൻ, ടോപ്പ് കൺസ്ട്രക്ഷൻസ്, ഗുരുവായൂർ എന്നയാൾക്ക് BA 84/10-11 നിർമ്മാണത്തിന് 01.06.2012 തീയതിയിൽ റസിഡൻഷ്യൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയതിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി. രാധാകൃഷ്ണനെതിരെ അച്ചടക്ക നടപടികൾ ആരംഭിക്കുകയും ഇതിന്റെ ഭാഗമായി ചാർജ്ജ് മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിരുന്നു .

2. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഗുരുവായൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ സർവ്വെ നം .95/12- ൽപ്പെട്ട സ്ഥലത്ത് ശ്രീ . കെ . ഭരതൻ, ടോപ്പ് കൺസ്ട്രക്ഷൻസ്, ഗുരുവായൂർ എന്നയാൾക്ക് BA 84/10-11 നിർമ്മാണത്തിന് 01.06.2012 തീയതിയിൽ റസിഡൻഷ്യൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് നൽകിയ പെർമിറ്റിൽ 'റിക്രിയേഷണൽ സ്പെയ്സ്' യൂട്ടിലിറ്റി ഏരിയയിൽ (Recreational space in Utility area ) കാണിച്ചിരിക്കുന്നതിനാൽ കെ . എം. ബി. ആർ 50(2) ന്റെ ലംഘനം, നിയമപ്രകാരം ആവശ്യമായ റിയർ യാർഡ്

(Rear yard ) ലഭ്യമല്ലാത്തതിനാൽ കെ . എം . ബി . ആർ റൂൾ 24(5) ന്റെ ലംഘനം സൈഡ് യാർഡ്സ് ലഭ്യമല്ലാത്തതിനാൽ കെ . എം . ബി . ആർ റൂൾ 24(5) ന്റെ ലംഘനം, എന്നിവ കണ്ടെത്തി ഫ്ലാറ്റിലേക്കുള്ള പ്രവേശനത്തിന് അക്സസ് (Access) ആയി കാണിച്ചിരിക്കുന്ന സ്ഥലം ഉപയോഗിക്കുന്നതിന് അപേക്ഷകന് അവകാശമുള്ളതായ രേഖകൾ (documentary proof) ഫയലിൽ ലഭ്യമല്ലാത്തതിനാൽ കെ . എം . ബി . ആർ റൂൾ 33 ന്റെ ലംഘനവും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) കണ്ടെത്തിരുന്നു. ഇവയുടെ അടിസ്ഥാനത്തിലാണ് അച്ചടക്ക നടപടി ആരംഭിച്ചത്.

3. കുറ്റപത്രത്തിന് ശ്രീ . പി . രാധാകൃഷ്ണൻ സമർപ്പിച്ച മറുപടിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിനു മുൻപായി ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തി പ്ലാനും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ച് ബിൽഡിംഗ് ഇൻസ്പെക്ടർ , മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ വ്യക്തമായ ശുപാർശ പ്രകാരമാണ് പെർമിറ്റ് അനുവദിച്ചതെന്നും യൂട്ടിലിറ്റി ഏരിയ ആയി ഗ്രൗണ്ടിൽ കാണിച്ച സ്ഥലമോ പാർക്കിംഗ് ഏരിയയോ ഡ്രൈവ് വേയിൽപ്പെട്ട സ്ഥലമോ റിക്രിയേഷൻ ഏരി യി ൽ ഉൾപ്പെടുന്നില്ലാ യെന്നും ആയതി നാൽ കെ . എം . ബി . ആർ . റൂൾ 50(2) ന്റെ ലംഘനമില്ലെന്നും കെട്ടിടത്തിന്റെ അനുവദിച്ച പ്ലാൻ പ്രകാരം റിയർയാർഡ് 2 മീറ്റർ ആണുള്ളതെന്നും ഡീവിയേഷൻ വരാതെ കെട്ടിട നിർമ്മാണം നടക്കുന്ന ഓരോ സ്റ്റേജിലും ബിൽഡിംഗ് ഇൻസ്പെക്ടർ പരിശോധിക്കണമെന്ന മുനിസിപ്പൽ എഞ്ചിനീയർക്കുള്ള നിർദ്ദേശത്തോടു കൂടിയാണ് പെർമിറ്റ് നൽകാൻ ഉത്തരവ് നൽകിയതെന്നും സെറ്റ് ബാക്കിൽ നിർമ്മാണ ഘട്ടത്തിനുശേഷം വ്യത്യാസം വന്നിട്ടു ണ്ടെങ്കിൽ 15.06.2012 തീയതിയിൽ നഗരസഭയിൽ നിന്നും സ്ഥലം മാറിപ്പോയ താൻ അതിന് ഉത്തരവാദിയല്ലെന്നും, കെട്ടിടത്തിന്റെ നിർമ്മാണ അനുമതിക്കുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച ആധാരത്തിൽ കാണിച്ച 12 അടി വീതി വഴി ഉപയോഗിക്കുന്നതിന് അപേക്ഷകന് അവകാശം നൽകിയിട്ടുണ്ടെന്നും 06.07.1980-ലെ G.O.(Ms) 163/80/LA & SWD ഉത്തരവാണ് നഗരസഭകളിലെ സൂപ്പർവൈസറി ജീവനക്കാരുടെ ചുമതലകൾ നിർണ്ണയിച്ചത് സംബന്ധിച്ച് നിലവിലുള്ളതെന്നും ടി ഉത്തരവ് ഖണ്ഡിക VII B പ്രകാരം ബിൽഡിംഗ് ആപ്ലിക്കേഷനുകൾ സംബന്ധിച്ച് സ്ഥല പരിശോധന, പ്ലാനിന്റെ സ്കൂട്ടണി തുടങ്ങിയവ ബിൽഡിംഗ് ഇൻസ്പെക്ടറുടെ ചുമതലയാണെന്നും ഖണ്ഡിക VII A പ്രകാരം ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകൾ സ്കൂട്ടണി നടത്തി സെക്രട്ടറിക്ക് ശുപാർശ നൽകേണ്ടുന്ന ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനീയർക്കാണെന്നും, 27.06.2010 ലെ 36587/ ആർഎ 1/09/ തസ്വഭവ. സർക്കാർ സർക്കുലർ ഖണ്ഡിക (6), 15/11/2008- ലെ സർക്കാർ സർക്കുലർ 72671/ ആർഎ 1/08/ തസ്വഭവ ഖണ്ഡിക (6) എന്നിവ പ്രകാരം പ്ലാനിൽ രേഖപ്പെടുത്തിയതു പോലെ സ്ഥലത്തെ അളവുകൾ

ലഭ്യമാണോ എന്നതും സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടം ലംഘിച്ച് നിർമ്മാണാനുമതി നൽകുന്ന പക്ഷവും ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം സ്ഥലം നേരിട്ട് പരിശോധിക്കുന്ന ഉദ്യോഗസ്ഥനാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ടെന്നും ഇക്കാരണങ്ങളാൽ സെക്രട്ടറി എന്ന നിലയിൽ തന്റെ ഭാഗത്തു നിന്ന് യാതൊരു വീഴ്ചകളും വന്നിട്ടില്ലാത്തതാണെന്നും ആയതിനാൽ തനിക്കെതിരെ ആരംഭിച്ച നടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ശ്രീ . രാധാകൃഷ്ണൻ അഭ്യർത്ഥിച്ചിരുന്നു .

4. ഈ വിഷയത്തിൽ നഗരകാര്യ ഡയറക്ടറിൽ നിന്നും 29/02/2016 ൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതിന് 06/09/2016 ൽ നഗരകാര്യ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റാണ് മറുപടി നൽകിയിരുന്നത്. ഈ മറുപടി അച്ചടക്കനടപടി നേരിടുന്ന ഉദ്യോഗസ്ഥന്റെ കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയ മറുപടിയുടെ ആവർത്തനം മാത്രമായിരുന്നു. വസ്തുതകൾ പരിശോധിക്കാതെയും ചട്ടലംഘനങ്ങൾ മനസിലാക്കാതെയും ആയിരുന്നു മറുപടി. ആയതിനാൽ നഗരകാര്യ ഡയറക്ടറുടെ വ്യക്തമായ റിപ്പോർട്ട് വീണ്ടും ആവശ്യപ്പെട്ടു. നഗരകാര്യ ഡയറക്ടർ ഫയലുകൾ പരിശോധിച്ച് 16/08/2019 ന് വിശദമായ മറുപടിയിൽ ചട്ടലംഘനങ്ങൾ ശരിവയ്ക്കുകയുണ്ടായി. ചട്ടലംഘനത്തോടുകൂടി കെട്ടിട നിർമ്മാണാനുമതി നൽകിയത് ശ്രീ.പി. രാധാകൃഷ്ണന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണ്ട് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഗവണ്മെന്റിലേക്ക് റിപ്പോർട്ട് നൽകി. ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും കേരള കെട്ടിട നിർമ്മാണ ചട്ടത്തിലെ 50(2), 24(5), 24(4), 33 എന്നീ ചട്ടങ്ങളുടെ ലംഘനത്തോടെയാണ് മേൽ കെട്ടിടത്തിന് അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാവുന്നു. പ്രസ്തുത കെട്ടിടത്തിന്റെ വിസ്തൃതി 1048.65 ച.മീ. ആയതിനാൽ 27.06.2010 തീയതിയിലെ 36587/ആർ.എ 1/2009/തസ്വഭവ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണാനുമതി നൽകേണ്ട ചുമതല കൃത്യമായും നഗരസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ചട്ട ലംഘനത്തോട് കൂടി കെട്ടിട നിർമ്മാണ അനുമതി നൽകിയത് ശ്രീ. പി രാധാകൃഷ്ണന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണ്ട് ഉചിതമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

5. ശ്രീ. പി. രാധാകൃഷ്ണൻ തന്റെ വീഴ്ചകൾ മറച്ചുകൊണ്ട് അതിന്റെ ഉത്തരവാദിത്വം മറ്റ് ഉദ്യോഗസ്ഥരുടെ പേരിൽ ചേർക്കുന്നതിന് ശ്രമിക്കുകയാണ് ചെയ്തിട്ടുള്ളത്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, അദ്ധ്യായം XVIII ൽ 381 മുതൽ 396 വരെയുള്ള സെക്ഷനുകളിൽ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും കെട്ടിട നിർമ്മാണങ്ങളിലെ സെക്രട്ടറിയുടെ അധികാരങ്ങളെപ്പറ്റിയും ഉത്തരവാദിത്വങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. കൂടാതെ

Kerala Municipality Building Rules 1999 ഉം സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഇതെല്ലാം മറച്ചുവച്ചുകൊണ്ട് 06/07/1980 ലെ G.O (M.S) 163/80/LA &SWD എന്ന സർക്കാർ ഉത്തരവിനെ, സ്വന്തം തെറ്റ് മറച്ചു പിടിക്കാൻ വിഫലമായ ശ്രമമാണ് ശ്രീ. പി. രാധാകൃഷ്ണൻ നടത്തിയിട്ടുള്ളത്. 74-ാം ഭരണഘടനാ ഭേദഗതിയും അതിനുശേഷമുണ്ടായ മുനിസിപ്പൽ നിയമങ്ങളും ചട്ടങ്ങളും മനസിലാക്കുന്ന കാര്യത്തിൽ പോലും ശ്രീ. പി. രാധാകൃഷ്ണൻ വീഴ്ച വരുത്തിയതായി കാണുന്നു.

6. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കേരള കെട്ടിട നിർമ്മാണ ചട്ടത്തിലെ 50(2), 24(5), 24(4), 33 എന്നീ ചട്ടങ്ങളുടെ ലംഘനത്തോടു കൂടി കെട്ടിട നിർമ്മാണാനുമതി നൽകിയത് സെക്രട്ടറി എന്ന നിലയിൽ ശ്രീ. പി രാധാകൃഷ്ണന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഈ സാഹചര്യത്തിൽ, നഗരകാര്യ ഡയറക്ടറുടെ 16.08.2019 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി. രാധാകൃഷ്ണനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, KCS(CC&A) Rules 1960 Rule 11(1) (iii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ.ജോസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

മേയർ, കണ്ണൂർ നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.

ശ്രീ. പി. രാധാകൃഷ്ണൻ, മുൻ സെക്രട്ടറി, ഗുരുവായൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.